വിദ്യാഭ്യാസ വാർത്ത

കേരളത്തിന് വിജയത്തിളക്കം

ഐസിഎസ്ഇയിൽ വിജയം 99 ശതമാനം, ഐഎസ്സിയിൽ 99.88 ശതമാനം

എസ് ശ്രേയ ലെക്കോൾ ചെമ്പക സ്കൂൾ, തിരുവനന്തപുരം

ഭദ്ര ആർ ക്രൈസ്റ്റ് നഗർ ഹയർ സെക്കൻഡറി സ്കൂൾ തിരുവനന്തപുരം

കേശവ് രഞ്ജിത്ത് ക്രൈസ്റ്റ് നഗർ ഹയർ സെക്കണ്ടറി സ്കൂൾ തിരുവനന്തപുരം

എസ് ഹഷ്ന ഷാബി സർവോദയ വിദ്യാലയം തിരുവനന്തപുരം

എൻ ആർ അരവിന്ദ് സെന്റ് തോമസ് റെസിഡൻഷ്യൽ സ്കൂൾ, തിരുവനന്തപുരം

പ്രൻജൽ ഭട്ട് സെന്റ് തോമസ് റെസിഡൻഷ്യൽ സ്കൂൾ, തിരുവനന്തപുരം

റിയ മരിയ മനോജ് സെന്റ് തോമസ് റെസിഡൻഷ്യൽ സ്കൂൾ, തിരുവനന്തപുരം

ശ്രേയ അനിൽ സെന്റ് തോമസ് റെസിഡൻഷ്യൽ സ്കൂൾ, തിരുവനന്തപുരം

തിരുവനന്തപുരം

ഇന്ത്യൻ സർട്ടിഫിക്കറ്റ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ (ഐസിഎസ്ഇ– ക്ലാസ് 10) പരീക്ഷയിൽ കേരളം 99.97 ശതമാനം വിജയം നേടി. ഐഎസ്സി (ക്ലാസ് 12) പരീക്ഷയിൽ 99. 88 ശതമാനവും.

ഐസിഎസ്ഇയിൽ തിരുവനന്തപുരം ലെക്കോൾ ചെമ്പക സ്കൂളിലെ എസ് ശ്രേയയും (99.60 ശതമാനം) അങ്കമാലി സെന്റ് പാട്രിക്സ് സ്കൂളിലെ തെരേസ് മറിയ ഡെന്നിയും (99.60 ശതമാനം) സംസ്ഥാനത്ത് ഒന്നാമതെത്തി. തൃശൂർ മേത്തല ഫോണിക്സ് പബ്ലിക് സ്കൂളിലെ പി എസ് നിജിഷ (99.40 ശതമാനം) യ്ക്കാണ് രണ്ടാം സ്ഥാനം. തിരുവനന്തപുരം മുക്കോലയ്ക്കൽ സെന്റ് തോമസ് റസിഡൻഷ്യൽ സ്കൂളിലെ പ്രൻജൽ ഭട്ട്, സർവോദയ വിദ്യാലയത്തിലെ സോമാംശു സാഹ, മുക്കോലയ്ക്കൽ സെന്റ് തോമസിലെ റിയ മറിയ മനോജ് എന്നിവർ 99. 20 ശതമാനം വീതം നേടി മൂന്നാം സ്ഥാനത്തെത്തി.

ഐഎസ്സി 12–ാം ക്ലാസ് പരീക്ഷയിൽ മുക്കോലയ്ക്കൽ സെന്റ് തോമസിലെ ശ്രേയ അനിൽ, സർവോദയയിലെ എസ് ഹഷ്ന ഷാബി എന്നിവർ 99. 25 ശതമാനം മാർക്ക് നേടി സംസ്ഥാനത്ത് ഒന്നാമതായി. തിരുവനന്തപുരം ക്രൈസ്റ്റ് നഗർ ഹയർ സെക്കൻഡറിയിലെ ആർ ഭദ്ര 99 ശതമാനം മാർക്ക് നേടി രണ്ടാമതെത്തി. മുക്കോലയ്ക്കൽ സെന്റ് തോമസ് സ്കൂളിലെ എൻ ആർ അരവിന്ദ്, ക്രൈസ്റ്റ് നഗറിലെ കേശവ് രഞ്ജിത്ത്, അങ്കമാലി സെന്റ് പാട്രിക്സിലെ ജൂല്യറ്റ് ലിസ്നൗ എന്നിവർ 98. 75 ശതമാനം മാർക്കുമായി മൂന്നാമതെത്തി.

എൻജിനിയറിങ്, ഫാർമസി പ്രവേശന പരീക്ഷ 17ന്

വിദ്യാർഥികൾ ശ്രദ്ധിക്കാനുണ്ടേറെ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സംസ്ഥാന എൻജിനിയറിങ്, ഫാർമസി പ്രവേശന പരീക്ഷ (KEAM 2023) 17ന് നടക്കും. പേപ്പർ ഒന്ന് (ഫിസിക്സ്, കെമിസ്ട്രി) പരീക്ഷകൾ 10 മുതൽ 12.30 വരെയും പേപ്പർ രണ്ട് (മാത്തമാറ്റിക്സ്) 2.30 മുതൽ അഞ്ചുവരെയുമാണ്.

പരീക്ഷാ രീതി

ഒബ്ജക്ടീവാണ് പരീക്ഷ. ഓരോ ചോദ്യത്തിനും അഞ്ച് ചോയ്സ് തരും. ഇതിൽ ശരിയായ ഉത്തരം തെരഞ്ഞെടുത്ത് അടയാളപ്പെടുത്തണം. ഒബ്ജക്ടീവ് പരീക്ഷയുടെ ചോദ്യങ്ങൾ ബുക്ക്ലെറ്റ് രൂപത്തിലായിരിക്കും. പരീക്ഷ കഴിഞ്ഞാൽ പരീക്ഷാർഥികൾക്ക് ബുക്ക് ലെറ്റ് കൊണ്ടുപോകാം. എൻജിനിയറിങ് പ്രവേശന പരീക്ഷയുടെ ഓരോ പേപ്പറിലും 120 ചോദ്യങ്ങളാണുണ്ടാവുക. 150 മിനിറ്റാണ് പരീക്ഷ.

പ്രവേശനം

പരീക്ഷ ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് സെന്ററുകളിലേക്ക് പ്രവേശിക്കാം. പരീക്ഷ ആരംഭിച്ച് അരമണിക്കൂറിനുള്ളിൽ എത്തുന്നവരെ വരെയാണ് പരമാവധി പരീക്ഷാ സെന്ററിൽ പ്രവേശിപ്പിക്കുക. അഡ്മിറ്റ് കാർഡ്, കാർഡ്ബോർഡ്, ക്ലിപ് ബോർഡ്, ബോൾ പേന എന്നിവമാത്രമേ കൊണ്ടുവരാൻ അനുവാദമുള്ളു.

മാർക്കും നെഗറ്റീവ് മാർക്കും

ഓരോ ശരിയുത്തരത്തിനും നാലു മാർക്ക് വീതമാണ് ലഭിക്കുക. തെറ്റായ ഓരോ ഉത്തരത്തിനും ഒരു മാർക്ക് കുറയും. ഒന്നിൽ കൂടുതൽ ഉത്തരം നൽകിയാൽ ആ ഉത്തരം തെറ്റായി കണക്കാക്കി നെഗറ്റീവ് മാർക്ക് നൽകും. ഓരോ പേപ്പറിനും ഒരു ചോദ്യത്തിനെങ്കിലും ഉത്തരം രേഖപ്പെടുത്താത്തവരെ അയോഗ്യരാക്കും. അതേപോലെ എൻജിനിയറിങ് പ്രവേശന പരീക്ഷയുടെ പേപ്പർ ഒന്നിന് കുറഞ്ഞത് ഒരു ചോദ്യത്തിനെങ്കിലും ഉത്തരം രേഖപ്പെടുത്താത്തവരെ അയോഗ്യരാക്കി കണക്കാക്കും.

ഉത്തരക്കടലാസുകൾ

ഒബ്ജക്ടീവ് പരീക്ഷകൾക്ക് ഉത്തരങ്ങൾ അടയാളപ്പെടുത്താൻ പ്രത്യേകം ഉത്തരക്കടലാസുകൾ ആണുള്ളത്. പരീക്ഷാർഥികൾക്ക് ഒഎംആർ ഉത്തരക്കടലാസിനൊപ്പം അതിന്റെ ഒരു പകർപ്പുകൂടി നൽകും. പരീക്ഷാ സമയത്ത് ഈ പകർപ്പ് ഉത്തരക്കടലാസ് വിദ്യാർഥികൾ യഥാർഥ ഉത്തരക്കടലാസിൽനിന്നും മാറ്റരുത്. യഥാർഥ ഉത്തരക്കടലാസിൽ രേഖപ്പെടുത്തുന്നവയെല്ലാം പകർപ്പിലേക്കും മാറുമെന്നതിനാൽ രണ്ടു ഷീറ്റുകളും ഒരുപോലെ വയ്ക്കണം. പകർപ്പ് പരീക്ഷ തീരുന്നതിനുമുമ്പ് യാതൊരു കാരണവശാലും മാറ്റരുത് അങ്ങനെ മാറ്റിയാൽ ആ വിദ്യാർഥിയുടെ പരീക്ഷ തന്നെ റദ്ദാക്കപ്പെടും.

ഓരോ ഉത്തരക്കടലാസിലും ബാർകോഡ് ഉണ്ടായിരിക്കും. ഈ രഹസ്യകോഡ് ഉപയോഗിച്ചാണ് മൂല്യനിർണയം നടത്തുന്നത്. അതിനാൽ ബാർകോഡ് വികലമാക്കുകയോ നശിപ്പിക്കുകയോ ചെയ്യരുത്. അത്തരത്തിൽ ഏതെങ്കിലും വിദ്യാർഥി ബാർകോഡ് വികലമാക്കിയാൽ ആ ഉത്തരക്കടാലാസ് മൂല്യനിർണയം ചെയ്യില്ല. സേഫ്റ്റി പിന്നോ സ്റ്റേപ്ലിളോ ഉപയോഗിക്കരുത്. പഞ്ച് ചെയ്യുകയോ ടാഗ് കോർക്കുകയോ ചെയ്യരുത്. ഉത്തരക്കടലാസിൽ ദ്വാരമിടരുത്. മടക്കുകയോ ചുരുട്ടുകയോ ചെയ്യരുത്.

പേന പ്രധാനം

ഉത്തരക്കടലാസിൽ നീലയോ കറുപ്പോ മഷിയുള്ള ബോൾ പേന കൊണ്ട് മാത്രമേ ഉത്തരങ്ങൾ മാർക്ക് ചെയ്യാവൂ. ഫൗണ്ടൻ പേന, ജെൽപേന, സ്കെച്ച് പേന, പെൻസിൽ എന്നിവ ഉപയോഗിച്ചുള്ള മാർക്കിംഗ് അനുവദനീയമല്ല. ഒരിക്കൽ അടയാളപ്പെടുത്തിയത് അന്തിമമാണ്. അതിനാൽ ഏറെ ശ്രദ്ധയോടെ വേണം മാർക്ക് ചെയ്യുന്നത്.

ഉത്തരക്കടലാസിന് രണ്ടുഭാഗം

ഉത്തരക്കടലാസിന്റെ ഇടതുവശത്ത് പരീക്ഷാർഥിയുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ട സ്ഥലവും വലതു വശത്ത് ഉത്തരങ്ങൾ രേഖപ്പെടുത്താനുള്ള ഇടവുമാണ്. രണ്ടിനും നടുവിലായി നെടുകെ ചെറുസുഷിരങ്ങളും ഉണ്ടാവും

ചോദ്യപേപ്പർ ലഭിക്കുന്നത്

ഓരോ പരീക്ഷയും തുടങ്ങുന്നത് അഞ്ചുമിനിറ്റ് മുമ്പ് മാത്രമാണ് ചോദ്യപേപ്പർ വിതരണം ചെയ്യുക. അതിനാൽ ഉത്തരങ്ങൾ എഴുതാൻ ആരംഭിക്കുന്നതിനു മുമ്പേ ചോദ്യപേപ്പറിലും ഒഎംആർ ഉത്തരക്കടലാസിലുമുള്ള എൻട്രികൾ പൂരിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ചോദ്യപേപ്പർ ലഭിച്ചുകഴിഞ്ഞാൽ ക്രമനമ്പർ പ്രകാരമുള്ള 120 ചോദ്യങ്ങളും ഉണ്ടോ എന്നു പരിശോധിക്കുക. ചോദ്യപേപ്പർ പുസ്തകത്തിൽ അച്ചടിക്കാത്തതോ കീറിയതോ ഇളകിയതോ ആയ പേജുകൾ ഇല്ലെന്ന് ഉറപ്പാക്കുക. ഒഎംആർ ഉത്തരക്കടലാസിൽ ഇടതുവശത്ത് ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ മാത്രമേ പരീക്ഷാർഥികൾ നൽകാൻ പാടുള്ളൂ. ആവശ്യപ്പെടാത്തതും പരീക്ഷാർഥിയെ തിരിച്ചറിയാൻ സഹായിക്കുന്നതുമായ കൂടുതൽ വിവരങ്ങൾ ഒഎംആർ ഷീറ്റിൽ എവിടെയെങ്കിലും രേഖപ്പെടുത്തിയാൽ അത് പരീക്ഷാ ക്രമക്കേടായി കണക്കാക്കും. പരീക്ഷയ്ക്കുശേഷം പരീക്ഷാർഥി ഉത്തരം രേഖപ്പെടുത്തിയതനുസരിച്ചുള്ള ഒഎംആർ ഷീറ്റിന്റെ പകർപ്പ് ലഭിക്കും. ഒഎംആർ ഷീറ്റിനോട് ചേർന്നുള്ള പകർപ്പ് പരീക്ഷാർഥിയുടെ സാന്നിധ്യത്തിൽ ഇൻവിജിലേറ്റർ വേർപെടുത്തും. ഈ പകർപ്പ് വിദ്യാർഥിക്ക് കൊണ്ടുപോകാം.

അഡ്മിറ്റ് കാർഡ്

വിദ്യാർഥികൾ അവരുടെ അഡ്മിറ്റ് കാർഡുകൾ www.cee.kerala.gov.in ൽനിന്നും ഡൗൺലോഡ് ചെയ്തെടുക്കണം. പരീക്ഷാ സെന്റർ, സമയം ഉൾപ്പെടെയുള്ള വിവരങ്ങൾ അഡ്മിറ്റ് കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. അഡ്മിറ്റ് കാർഡുകൾ തപാൽ മുഖേനെ അയയ്ക്കില്ല. പരീക്ഷാ ഹാളിലേക്ക് പ്രവേശനം ലഭിക്കണമെങ്കിൽ അഡ്മിറ്റ് കാർഡ് കൈവശമുണ്ടാവണം.

വിദേശ യാത്രാനുമതി

വസ്തുത മറച്ചുവച്ച് വി മുരളീധരൻ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

മുഖ്യമന്ത്രി പിണറായി വിജയന്റെയും മന്ത്രി സജി ചെറിയാന്റെയും വിദേശയാത്രയുടെ അനുമതിയുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി വി മുരളീധരൻ നടത്തിയ പ്രസ്താവന വസ്തുതാവിരുദ്ധം.

മെയ് പത്തിനുള്ള യാത്രയ്ക്ക് മന്ത്രി സജി ചെറിയാൻ അനുമതി ചോദിച്ചത് ഒമ്പതിനാണെന്നായിരുന്നു മുരളീധരൻ പറഞ്ഞത്. എന്നാൽ അനുമതിക്കായി നേരത്തേ അപേക്ഷ നൽകിയിരുന്നത് മറച്ചുവച്ചാണ് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം. മലയാളം മിഷൻ ബഹ്റൈനിൽ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുക്കാൻ 11 നാണ് മന്ത്രി യാത്ര തീരുമാനിച്ചത്. ഇതിനായി നേരത്തേ അപേക്ഷയും നൽകി. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് അനുമതിയായെങ്കിലും വിദേശമന്ത്രാലയം തീരുമാനമെടുക്കുന്നത് വൈകി. 11ന് ഉച്ചയ്ക്കുശേഷമാണ് അനുമതി മന്ത്രിയുടെ ഓഫീസിലെത്തിയത്.

താനൂർ ബോട്ട് ദുരന്ത പശ്ചാത്തലത്തിൽ സർക്കാർ പരിപാടികളെല്ലാം റദ്ദാക്കിയതിനാലാണ് മന്ത്രിയുടെ യാത്ര പത്തിലേക്ക് മാറ്റുന്നതിനെക്കുറിച്ച് ആലോചനയുണ്ടായത്. ഇക്കാര്യത്തിലും മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് അനുമതി ലഭ്യമായെങ്കിലും വിദേശമന്ത്രാലയം തീരുമാനമെടുത്തില്ല. ഇതുവച്ചാണ് മുരളീധരൻ തെറ്റിദ്ധാരണ പരത്തുന്നത്.

മുഖ്യമന്ത്രിയുടെ യുഎഇ സന്ദർശനത്തിന് അനുമതി നിഷേധിച്ചതിനെക്കുറിച്ചും വിദേശമന്ത്രി വിഡ്ഢിത്തമാണ് വിളമ്പിയത്. അബുദാബി ഇൻവെസ്റ്റ്മെന്റ് മീറ്റിൽ മുഖ്യമന്ത്രിക്ക് റോളില്ലാത്തതിനാലാണ് അനുമതി നൽകാത്തതെന്നാണ് വാദം. മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തി കേരളത്തിന് ലഭിക്കുമായിരുന്ന നിക്ഷേപസാധ്യതയാണ് കേന്ദ്ര ഇടപെടലിൽ ഇല്ലാതായത്. കേരളത്തിന്റെ നിക്ഷേപ, വികസന സാധ്യതകൾക്ക് തടസ്സംനിന്ന ശേഷം അതിനെ ന്യായീകരിക്കുകയാണ് വി മുരളീധരൻ ചെയ്തതെന്ന് വ്യക്തം.

കാട്ടാനകളുടെ കണക്കെടുക്കാൻ കേരളം

പാലക്കാട്

കേരളത്തിലെ വനങ്ങളിൽ കാട്ടാനകളുടെ കണക്കെടുക്കാൻ വനം വന്യജീവി വകുപ്പ്. 17 മുതൽ 19 വരെയാണ് കണക്കെടുപ്പ്. അതിർത്തി സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലും ആന്ധ്രപ്രദേശിലും ഇതേ ദിവസങ്ങളിൽ കണക്കെടുക്കും. സംസ്ഥാന അതിർത്തി കടന്നും കാട്ടാനകൾ സഞ്ചരിക്കുന്നതിനാലാണിത്. സംസ്ഥാനത്ത് പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് ആനസങ്കേതങ്ങൾ കേന്ദ്രീകരിച്ചാണ് കണക്കെടുപ്പ്. മൂന്ന് ദിവസങ്ങളിലായി മൂന്ന് രീതിയിലാണ് പരിശീലനം ലഭിച്ച വനം വകുപ്പിലെ വിദഗ്ധ സംഘത്തിന്റെ നേതൃത്വത്തിലുള്ള പരിശോധന. 17ന് ബ്ലോക്ക് തിരിച്ച് കാട്ടാനകളെ നേരിട്ട് കണ്ട് കണക്കെടുക്കും. 18ന് ആനപ്പിണ്ടം പരിശോധിച്ചാണ് കണക്കെടുപ്പ്.

എകെപിസിടിഎ സംസ്ഥാന സമ്മേളനം സമാപിച്ചു

പാഠ്യപദ്ധതിയിൽനിന്ന് ചരിത്രം ഒഴിവാക്കാനുള്ള നീക്കം അവസാനിപ്പിക്കുക

കണ്ണൂർ

ദേശീയ പാഠ്യപദ്ധതിയിൽനിന്ന് ചരിത്രം ഒഴിവാക്കാനുള്ള കേന്ദ്ര നീക്കം അവസാനിപ്പിക്കണമെന്ന് ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എകെപിസിടിഎ) സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. പഠനഭാരം ലഘൂകരിക്കാനെന്നപേരിൽ മധ്യകാല ഇന്ത്യാചരിത്രവും ഗാന്ധിവധവും തുടർന്നുണ്ടായ ആർഎസ്എസ് നിരോധവും ഉൾപ്പെടെയുള്ള പാഠഭാഗങ്ങൾ ഒഴിവാക്കാനുള്ള നീക്കത്തെ സമ്മേളനം അപലപിച്ചു.

പിന്നാക്കവിഭാഗത്തിലെ വിദ്യാർഥികൾക്കുള്ള പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ഗവേഷണ വിദ്യാർഥികൾക്കുള്ള മൗലാന അബ്ദുൽകലാം ആസാദ് സ്കോളർഷിപ്പ് എന്നിവ നിർത്തലാക്കിയ കേന്ദ്രസർക്കാർ നടപടികളിൽ സമ്മേളനം പ്രതിഷേധിച്ചു.

മൂന്ന് ദിവസമായി നടന്ന സമ്മേളനം സമാപിച്ചു. പ്രതിനിധി സമ്മേളനത്തിന്റെ ഭാഗമായി നടന്ന ചർച്ചയ്ക്ക് ജനറൽ സെക്രട്ടറി ഡോ. സി പത്മനാഭൻ മറുപടി പറഞ്ഞു. ആർ ആർ സി അനുസ്മരണം കണ്ണൂർ സർവകലാശാല വൈസ്ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനംചെയ്തു. ഡോ. കെ എൻ ഗണേഷ് അനുസ്മരണപ്രഭാഷണം നടത്തി. എസ് ഷാജിത അധ്യക്ഷയായി. ഡോ. എൻ പ്രമോദ്, ഡോ. കെ എം അനിൽകുമാർ എന്നിവർ സംസാരിച്ചു. സമ്മേളന സപ്ലിമെന്റ് മീഡിയാ കമ്മിറ്റി ചെയർമാൻ കെ ടി ശശി, ജിഷ മേരി മാത്യുവിന് നൽകി പ്രകാശിപ്പിച്ചു.

ഡോ. കെ ബിജുകുമാർ പ്രസിഡന്റ്, ഡോ. സി പത്മനാഭൻ ജനറൽ സെക്രട്ടറി

കണ്ണൂർ

ഡോ. കെ ബിജുകുമാർ

ഡോ. സി പത്മനാഭൻ

പി ഹരിദാസ് (ട്രഷറർ)

എകെപിസിടിഎ സംസ്ഥാന പ്രസിഡന്റായി ഡോ. കെ ബിജുകുമാറിനെയും ജനറൽ സെക്രട്ടറിയായി ഡോ. സി പത്മനാഭനെയും 65–ാം സംസ്ഥാന സമ്മേളനം തെരഞ്ഞെടുത്തു. പി ഹരിദാസാണ് ട്രഷറർ. എ നിശാന്ത്, ഡോ. കെ പ്രദീപ്കുമാർ, ഡോ. എ യു അരുൺ, ഡോ. എസ് സോജു എന്നിവരെ സെക്രട്ടറിമാരായും എസ് ഷാജിത, ഡോ. ടി ആർ മനോജ് എന്നിവരെ വൈസ് പ്രസിഡന്റുമാരായും തെരഞ്ഞെടുത്തു. 26 അംഗ സംസ്ഥാന കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

നിർമാണത്തൊഴിലാളി പഠന ക്യാമ്പ് ഏലംകുളത്ത്

തൃശൂർ

സംസ്ഥാന നിർമാണത്തൊഴിലാളി യൂണിയൻ (സിഐടിയു) പഠന ക്യാമ്പ് 17, 18 തീയതികളിൽ പെരിന്തൽമണ്ണ ഏലംകുളം ഇ എം എസ് സമുച്ചയത്തിൽ നടക്കും. 17 ന് രാവിലെ 10ന് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി ഉദ്ഘാടനം ചെയ്യും.

ട്രേഡ് യൂണിയൻ: ചരിത്രവും കടമകളും വിഷയത്തിൽ ക്ലാസെടുത്താണ് ഉദ്ഘാടനം. തുടർന്ന് വിവിധ വിഷയങ്ങളിൽ കെ ടി കുഞ്ഞിക്കണ്ണൻ, പുത്തലത്ത് ദിനേശൻ, പ്രൊഫ. സി രവീന്ദ്രനാഥ് എന്നിവർ ക്ലാസുകളെടുക്കും. തൊഴിൽമേഖല, ക്ഷേമനിധിരംഗത്തെ വിഷയങ്ങൾ എന്നിവയും ചർച്ച ചെയ്യും.

കുറിപ്പടി വ്യക്തമല്ലെങ്കിൽ ആന്റിബയോട്ടിക് നൽകില്ല: എകെസിഡിഎ

കെമിസ്റ്റ്സ് ആൻഡ് ഡ്രഗിസ്റ്റ്സ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളനം ദേശീയ പ്രസിഡന്റ് ജെ എസ് ഷിൻഡെ ഉൽഘാടനം ചെയ്യുന്നു

തിരുവനന്തപുരം

ഡോക്ടർമാരുടെ വ്യക്തമായ കുറിപ്പടിയില്ലെങ്കിൽ ആന്റിബയോട്ടിക്കുകൾ നൽകേണ്ടതില്ലെന്ന് കെമിസ്റ്റ്സ് ആൻഡ് ഡ്രഗിസ്റ്റ്സ് അസോസിയേഷൻ (എകെസിഡിഎ) സുവർണജൂബിലി സമ്മേളനം. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് തരണം ചെയ്യാൻ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് കർമപദ്ധതിയുമായി സഹകരിക്കുമെന്നും തീരുമാനിച്ചു.

ഓൾ ഇന്ത്യ ഓർഗനൈസേഷൻ ഓഫ് കെമിസ്റ്റ്സ് ആൻഡ് ഡ്രഗിസ്റ്റ്സ് (എഐഒസിഡി) ദേശീയ അധ്യക്ഷൻ ജെഎസ് ഷിൻഡെ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എ എൻ മോഹൻ അധ്യക്ഷനായി.

ആന്റിബയോട്ടിക്കുകൾ നിയന്ത്രിക്കുന്നതിൽ കെമിസ്റ്റുകളുടെ പങ്ക് എന്ന സെമിനാർ ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. മോണ്ടുകുമാർ പട്ടേൽ ഉദ്ഘാടനം ചെയ്തു. എം ചന്ദ്രദത്തൻ, ഡോ. എം ഷീല, സുജിത് കുമാർ, ഡോ. സ്വപ്ന സൂസൻ എബ്രഹാം, ഡോ. നിഷിത്, കെ ആർ ദിനേഷ് കുമാർ, എൽ ആർ ജയരാജ്, ജെ ജയനാരായണൻ തമ്പി എന്നിവർ സംസാരിച്ചു. ദ ഡിഫറന്റ് ആർട്ട് സെന്ററിലെ കുട്ടികളുടെ ചികിത്സാ സഹായ സാമഗ്രികളുടെ സമാഹരണത്തിനായി ഒരു ലക്ഷം രൂപയുടെ ചെക്ക് കൈമാറി.

ഞായറാഴ്ച ആർട്ട് സെന്റർ സന്ദർശിച്ച ദേശീയ സംഘടനാ നേതാക്കൾ 11 ലക്ഷം രൂപയുടെ സഹായം കൂടി വാഗ്ദാനം ചെയ്തു.

ആവശ്യമുണ്ട്
കഴക്കൂട്ടത്ത് പുതുതായി ആരംഭിക്കുന്ന Entrance Coaching Centre ലേക്ക് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തി പരിചയമുള്ള TELECALLERS നെ ആവശ്യമുണ്ട്.
Mob: 9072902020

പെർമനന്റ് പോസ്റ്റിങ്
SSLC മുതൽ യോഗ്യത ഉള്ളവർക്ക് അവസരം.
(22,500–25,500)
6238557789

ഓഫീസുകളിലേക്കും ഫാക്ടറി സെക്ഷനിലേക്കും അവസരം
26 below, SSLC above.
[18,000–27000]
7025404009

Fresher's ന് അവസരം
ജില്ലാടിസ്ഥാനത്തിൽ സ്ഥിരം നിയമനം (Below 25) ഭക്ഷണം, താമസം. Leadies & gents (20000 - 30000)
7034163968

വനിതകൾക്കായി ഉടൻ ജോലി ഉയർന്ന ശമ്പളം
മോണ്ടിസോറി
അധ്യാപന ഡിപ്ലോമ. പ്രായപരിധിയില്ല.
NCDC. Ph: 9846808283

മദ്യപാനം
പൂർണമായും നിർത്താൻ
7 ദിവസത്തിനുള്ളിൽ ഫലം കണ്ട് തുടങ്ങും. അറിഞ്ഞും അറിയാതെയും കൊടുക്കാം. പാർശ്വഫലങ്ങൾ ഒന്നും തന്നെയില്ല. നേരിട്ടെത്തിക്കുന്നു.
പ്രകൃതി ആയുർവേദിക്സ്
ഡോക്ടറോട് സംസാരിക്കാം
Mob: 7025188663

മദ്യപാനം
പൂർണ്ണമായി ഒഴിവാക്കാൻ, എത്ര പഴകിയതും ദോഷഫലങ്ങൾ ഇല്ലാതെ, അറിഞ്ഞും അറിയാതെയും
കെ. ആർ
നാട്ടുവൈദ്യൻ പാരമ്പര്യ ചികിത്സ
വന്നുവാങ്ങുകയും ചെയ്യാം - കുറ്റ്യാടി
9048385036

മുൻപരിചയം ആവശ്യമില്ല
ജോലി തേടുന്നവർക്ക് ജില്ലയിൽ അവസരം. Age below 26. ശമ്പളം 20000– 28500 യോഗ്യത sslc above
9207688107

ബാങ്ക് സ്വർണ്ണം
കമ്മീഷനില്ലാതെ പണയസ്വർണ്ണം ഉയർന്ന വിലക്ക് തിരിച്ചെടുക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസുകൾ
കെ ആർ ഗോൾഡ്
85 47 76 76 22
82 81 02 49 49

പണയ സ്വർണ്ണം ഉയർന്ന വിലയ്ക്ക്
കമ്മീഷനില്ലാതെ പണയത്തിലുള്ള സ്വർണ്ണം വീണ്ടെടുത്ത് വിൽക്കുവാൻ സഹായിക്കുന്നു
ജില്ലകളിലെല്ലാം സർവ്വീസ്
ഫെയ്മസ് ഗോൾഡ്
9895 84 20 84

പണയ സ്വർണ്ണം
ബാങ്കിൽ പണയംവെച്ച സ്വർണ്ണം മാർക്കറ്റ് വിലക്ക് എടുക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസ്
കെ കെ ഗോൾഡ്
9895795445

48 ഒഴിവുകൾ
SSLC,+2, Degree,18 -28
16500—24000
8086560269

ബാങ്ക് സ്വർണ്ണം
ബാങ്കിൽ പണയം വെച്ച സ്വർണ്ണം ഉയർന്ന വിലക്ക് എടുക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസ്
കൃഷ്ണ ഗോൾഡ്
8943104916

പണയ സ്വർണ്ണം
ബാങ്കിൽ പണയംവെച്ച സ്വർണ്ണം കമ്മീഷൻ ഇല്ലാതെ മാർക്കറ്റ് വിലക്ക് എടുക്കുന്നു
ജില്ലകളിലെല്ലാം സർവീസ്
സായി ജ്വല്ലറി
95 44 795 795

ബാങ്ക് സ്വർണ്ണം
കമ്മീഷനില്ലാതെ പണയസ്വർണ്ണം ഉയർന്ന വിലക്ക് തിരിച്ചെടുക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസുകൾ
വിഷ്ണു ജ്വല്ലറി
9995 931 128

Company യുടെ Regional ഓഫീസുകളിൽ
സ്ഥിര നിയമനം 18-28
SSLC above 16000-24000
91 88 39 04 06

SSLC,+2 യോഗ്യരായവർക്ക്
വിവിധ തസ്തികകളിൽ നിരവധി ഒഴിവുകൾ.
Below.28
8526872491

പണയ സ്വർണ്ണം
ബാങ്കിൽ പണയം വെച്ച സ്വർണ്ണം ഉയർന്ന വിലക്ക് എടുക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസ്
കേരള ഗോൾഡ്
9895 200 571

പണയ സ്വർണ്ണം
പണയംവെച്ച സ്വർണ്ണം കമ്മീഷനില്ലാതെ മാർക്കറ്റ് വിലക്ക് എടുക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസ്.
റോയൽ ഗോൾഡ്
9048 917 916

പണയ സ്വർണ്ണം
കമ്മീഷനില്ലാതെ ഉയർന്ന വിലയ്ക്ക് തിരിച്ചെടുക്കുന്നു
മേഘ ജ്വല്ലറി
8714218899

KMML Spreading Splendour
The Kerala Minerals and Metals Ltd.
(A Govt. of Kerala Undertaking) Sankaramangalam, Kollam - 691 583
Ph : 91-476-2651215 to 2651217 email: contact@kmml.com, URL : www.kmml.com

TENDER NOTICE

No	Tender Id	Name of the Work
1	2023_KMML_575490_1	For the supply of Jumbo Bag 1000 Kg capacity for RC-822 grade pigment-8750 Nos
2	2023_KMML_574471_1	For Unloading / Stacking / unpacking of Raw materials received in KMML in Trucks / Trailers / Containers packed in bags and loose and loading of Ticl4 in Drums for a period of two years

Chavara 12.05.2023 Sd/- Managing Director for The Kerala Minerals and Metals Ltd

Jalanidhi
കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ എഞ്ചിനീയറിങ് ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

നം. KRWSA-MLPM/16/2021-TA